# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>എം. എസ്. ഡി. പി. പദ്ധതികൾ</u>

3074 ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം. എസ്. ഡി.പി പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ വേണ്ട സഹായത്തിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എവിടെയൊക്കെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി സംസ്ഥാനം കൈവരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>കേന്ദ്ര ഫണ്ടുപയോഗിച്ചുള്ള നഗര വികസന പദ്ധതികൾ</u>

3075 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗര വികസനത്തിനായി 2012 13 സാമ്പത്തിക വർഷത്തിൽ എന്തു തുക കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ടെന്നും ഏതൊക്കെ പദ്ധതികൾക്കായാണ് പ്രസ്തുത തുക ലഭിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാം നഗരസഭകൾക്കാണു വിഭജിച്ചു നൽകിയതെന്നും ഒരോ നഗരസഭയ്ക്കും എന്തു തുക വീതമാണു നൽകിയതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

എസ്.സി.പി/ടി.എസ്.പി ഫണ്ടുകളുടെ വിനിയോഗം

3076 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവ മുഖേനയുള്ള 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലെ എസ്.സി.പി/ടി.എസ്.പി. ഫണ്ടിന്റെ വിനിയോഗം എപ്രകാരമായിരുന്നുവെന്നറിയിക്കുമോ;

(ബി) മുൻവർഷത്തെ ബാക്കിയും ബജറ്റ് വിഹിതവും ചേർത്ത് എന്തു തുകയാണ് ചെലവഴിക്കേണ്ടിയിരുന്നത്; എത്ര ശതമാനമാണ് ചെലവഴിച്ചിട്ടുള്ളത്. മിനിസിപ്പാലിറ്റി, കോർപ്പറേഷൻ തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഫണ്ടിന്റെ വിനിയോഗം 2006-07 മുതൽ 2010-11 വരെ എത്ര ശതമാനമായിരുന്നു;

(ഡി) പ്രസ്തുത ഫണ്ടുവിനിയോഗം കുറയാൻ കാരണമെന്താണെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത ഫണ്ടിന്റെ വിനിയോഗം വർദ്ധിപ്പിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ചെലവഴിച്ച തുക</u>

3077 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുൻസിപ്പാലിറ്റികളും, കോർപ്പറേഷനുകളും നടപ്പുസാമ്പത്തിക വർഷം മാർച്ച് 31 വരെ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നുള്ള കണക്ക് എന്ന് ശതമാനാടിസ്ഥാനത്തിൽ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) സേവന മേഖലയിലും പശ്ചാത്തല വികസന മേഖലയിലും സംസ്ഥാനത്താകെ കോർപ്പറേഷനുകൾക്ക് എന്തു തുക വകയിരുത്തിയെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുതയിനത്തിലെ പദ്ധതിച്ചെലവ് സേവന പശ്ചാത്തല വികസന മേഖല തിരിച്ച് വിശദമാക്കുമോ?

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>നിയമവിരുദ്ധമായുള്ള കെട്ടിട നിർമ്മാണം</u>

3078 ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരങ്ങളിൽ നിയമവിരുദ്ധമായുള്ള കെട്ടിട നിർമ്മാണങ്ങൾ വ്യാപകമായി നടക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണങ്ങൾ തടയുന്നതിനായി ടൗൺ പ്ലാനിംഗ് വകുപ്പിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ നല്കുമോ;

(സി) ടൗൺ പ്ലാനിംഗ് വകുപ്പിന്റെ വിജിലൻസ് സംവിധാനം കാര്യക്ഷമമാക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>നഗരകാര്യ വകുപ്പിന്റെ പദ്ധതിച്ചെലവ്</u>

3079 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ നഗരകാര്യ വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്ന് നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നറിയിക്കുമോ;

(ബി) പ്രസ്തുത ചെലവ് പദ്ധതിവിഹിതത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>നഗരവികസന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ</u>

3080 ശ്രീ.വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഹൈബി ഈഡൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരവികസന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കോർപ്പറേഷനുകളുടേയും നഗരസഭകളുടേയും വികസന പ്രവർത്തനങ്ങൾക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ കോർപ്പറേഷനുകളും നഗരസഭകളും സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

ഫ്ളാറ്റുകളിലെ ഫയർ ആന്റ് സേഫ്റ്റി സംവിധാനം

3081 ശ്രീ. സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലുള്ള ഫ്ളാറ്റുകളിലെ ഫയർ ആന്റ് സേഫ്റ്റി സംവിധാനം പരിശോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത പരിശോധന നടത്തുന്നതിനായി വിജിലൻസ് ടീമിനെ നിയോഗിക്കുന്നത് പരിഗണിക്കുമോ;

(സി) വിജിലൻസ് ടീമിനെ നിയോഗിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

ഫ്ളാറ്റുകളിൽ മഴവെള്ളസംഭരണവും മാലിന്യ സംസ്ക്കരണവും നിർബന്ധിതമാക്കാൻ നടപടി

3082

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ നിർമ്മിക്കപ്പെടുന്ന ഫ്ളാറ്റുകൾക്ക് ലൈസൻസ് നൽകുന്നതിന്റെ ഭാഗമായി മഴവെള്ള സംഭരണംമൂലമുള്ള ശുദ്ധജല ലഭ്യത, മാലിന്യസംസ്ക്കരണ സംവിധാനം എന്നിവ നിർബന്ധിതമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്തെ ആകെ ഫ്ളാറ്റുകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ ആയതിന്റെ കണക്ക് ലഭ്യമാക്കുമോ ;

(ഡി) ഒഴിഞ്ഞുകിടക്കുന്ന ഫ്ളാറ്റുകളുടെ എണ്ണം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>എല്ലാ വീടുകളിലും പൈപ്പ് കമ്പോസ്റ്റ് സ്ഥാപിക്കുന്നതിന് നടപടി</u>

3083

ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരവാസികൾ ജൈവമാലിന്യങ്ങൾ പുഴകളിലും മറ്റു ജലാശയങ്ങളിലും തിരക്കൊഴിഞ്ഞ സ്ഥലങ്ങളിലും നിക്ഷേപിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് തടയുന്നതിന് എല്ലാ വീടുകളിലും നഗരസഭയുടെ നിയന്ത്രണത്തിൽ മാലിന്യങ്ങൾ പൈപ്പ് കമ്പോസ്റ്റാക്കി മാറ്റണമെന്നുള്ളത് നിർബന്ധിതമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) നിലവിൽ പ്രസ്തുത പൈപ്പ് കമ്പോസ്റ്റുകൾ സ്ഥാപിക്കുന്നതിന്റെ ചെലവെത്രയാണ് എന്നറിയിക്കുമോ;

(ഡി) മാലിന്യ നിർമ്മാർജ്ജനത്തിനായി എല്ലാ വീടുകളിലും പൈപ്പ് കമ്പോസ്റ്റുകൾ സൗജന്യമായി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>ഉറവിട മാലിന്യ സംസ്കരണ പദ്ധതി</u>

3084 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്കായി 2012-13 -ലെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നുവെന്നും ആയതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഉറവിടങ്ങളിൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നടപ്പു സാമ്പത്തിക വർഷത്തിൽ സബ്സിഡിയായി എത്ര തുക വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ഏത് ഏജൻസി വഴിയാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>സമഗ്രമാലിന്യനിർമ്മാർജ്ജന പദ്ധതി</u>

3085

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായിക്കൊണ്ടിരിക്കുന്ന മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) നിശ്ചിത കാലയളവിൽ പൂർത്തീകരിക്കാൻ കഴിയുന്നവിധത്തിൽ ഏറ്റവും നൂതനമായ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ ആവിഷ്ക്കരിക്കാൻ ആലോചിക്കുന്നുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

(സി) തിരുവനന്തപുരം, തൃശൂർ, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ പ്രത്യേക മാലിന്യസംസ്ക്കരണ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

എല്ലാ നഗരസഭകളിലും മാലിന്യസംസ്കരണ പ്ലാന്റുകൾ

3086 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഏതെല്ലാം നഗര സഭകളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) എല്ലാ നഗരസഭകളിലും മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(സി) ആയതിനായി സാമ്പത്തിക സഹായം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ</u>

3087 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, അബ്ദുറഹിമാൻ രണ്ടത്താണി
,, സി. മോയിൻ കുട്ടി
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് ഉൽപന്നങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ വളരെയധികം ഖര മാലിന്യങ്ങൾ ഉണ്ടാക്കുന്നതോടൊപ്പം ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളും സൃഷ്ടിക്കുന്നു വെന്നതിനെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത മാലിന്യങ്ങളുടെ റീസൈക്ലിംഗിൽ സംസ്ഥാനത്തിന് എത്രത്തോളം പുരോഗതി കൈവരിക്കാനായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ചൈന, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് കുറഞ്ഞ വിലയിൽ ലഭിക്കുന്ന ഇലക്ട്രോണിക് വസ്തുക്കളും, ഹാനികരമായ വസ്തുക്കളടങ്ങിയ പ്ലാസ്റ്റിക്ക് കൊണ്ടുള്ള നിത്യോപയോഗ സാധനങ്ങളും നമ്മുടെ നഗരങ്ങളിൽ വൻ തോതിൽ വിറ്റഴിക്കപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത വസ്തുക്കൾ മൂലമുണ്ടാകാവുന്ന മാലിന്യ പ്രശ്നങ്ങളെക്കുറിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

<u>മാലിന്യ സംസ്ക്കരണ കമ്പനി</u>

3088 ശ്രീ. ഹൈബി ഈഡൻ
,, വി.റ്റി. ബൽറാം
,, എ.റ്റി. ജോർജ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യ സംസ്ക്കരണ കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത കമ്പനിയുടെ ഷെയറുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത കമ്പനിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് പ്രസ്തുത കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതെന്നറിയിക്കുമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>സഞ്ചരിക്കുന്ന മാലിന്യ സംസ്ക്കരണ യൂണിറ്റുകള്‍</u>

3089 ശ്രീ. പാലോട് രവി
,, ഷാഫി പറമ്പില്‍
,, എ. പി. അബ്ദുള്ളക്കുട്ടി
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നഗരങ്ങളില്‍ സഞ്ചരിക്കുന്ന മാലിന്യ സംസ്ക്കരണ യൂണിറ്റുകള്‍ പ്രവര്‍ത്തനമാരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ പ്രവര്‍ത്തനവും ഉദ്ദേശ്യ ലക്ഷ്യങ്ങളും വിശദമാക്കുമോ;

(സി) എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ഡി) ആയതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>മൊബൈൽ ഇൻസിനറേറ്റർ</u>

3090

ശ്രീ. പി. കെ. ഗുരുദാസൻ
,, വി. ശിവൻകുട്ടി
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യനിർമ്മാർജ്ജനത്തിനായി വാങ്ങിയ മൊബൈൽ ഇൻസിനറേറ്ററിന്റെ പ്രവർത്തനം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) മൊബൈൽ ഇൻസിനറേറ്ററിന്റെ ഉടമസ്ഥാവകാശം ആർക്കാണെന്നറിയിക്കുമോ;

(സി) മൊബൈൽ ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കുന്നതിലെ ആവർത്തനച്ചെലവ് വളരെ കൂടുതലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മൊബൈൽ ഇൻസിനറേറ്റർ വാങ്ങിയ ഇനത്തിൽ ചെലവായ തുകയെത്ര എന്നറിയിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>അറവുശാലകളുയർത്തുന്ന മാലിന്യപ്രശ്നങ്ങൾ</u>

3091 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അറവുശാലകളുടെ വ്യാപനം മൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ഗൗരവമായി കാണാന്നുണ്ടോ; എങ്കിൽ അക്കാര്യത്തിൽ എന്തൊക്കെ കരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് പ്രദേശങ്ങളിൽ അറവുശാലകൾ പ്രവർത്തിപ്പിക്കുന്നതിന് നിലവിൽ എന്തെല്ലാം നിബന്ധനകൾ പാലിക്കപ്പെടേണ്ടതുണ്ടെന്നറിയിക്കുമോ;

(സി) അംഗീകാരമുള്ള എത്ര അറവുശാലകളാണ് സംസ്ഥാനത്തുള്ളത്; പ്രസ്തുത അറവുശാലകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഡി) അനുവാദമില്ലാതെ പ്രവർത്തിക്കുന്ന അറവുശാലകളുടെ എണ്ണം ലഭ്യമാണോ ; എങ്കിൽ എത്രയെന്നറിയിക്കുമോ ;

(ഇ) പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

**നഗരസഭകളുടെ സാമ്പത്തികഭാരം ലഘൂകരിക്കുന്നതിന് നടപടി**

3092 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെ സാമ്പത്തികഭാരം ലഘൂകരിക്കുന്നതിനായി മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാർക്ക് സർക്കാർ നേരിട്ടു ശമ്പളം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംവിധാനം എന്നു മുതൽ നടപ്പിൽ വരുത്തുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>അപ്പീൽ അധികാരം മുൻസിപ്പൽ കൗൺസിലുകൾക്ക് തിരിച്ചു നൽകാൻ നടപടി</u>

3093 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം നടപ്പിലാക്കിയതിന്റെ ഭാഗമായി മുൻസിപ്പാലിറ്റികളിൽ അപ്പീൽ അധികാരിയായി ജോയിന്റ് ഡയറക്ടറേയും രണ്ടാം അപ്പീൽ അധികാരിയായി നഗരകാര്യ ഡയറക്ടറേയും ചുമതലപ്പെടുത്തിയതുമൂലം നിലവിൽ കൗൺസിലുകൾക്ക് മുൻസിപ്പാലിറ്റി ആക്ട് പ്രകാരമുള്ള അധികാരം നഷ്ടപ്പെടുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നടപടി പുന:പരിശോധിച്ച് അപ്പീൽ അധികാരം മുൻസിപ്പൽ കൗൺസിലുകൾക്ക് തിരിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>മത്സ്യമാർക്കറ്റിലെ ബയോഗ്യാസ് പ്ലാന്റ്</u>

3094 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നഗരസഭയിലെ മത്സ്യമാർക്കറ്റിൽ ബയോഗ്യാസ്പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്ലാന്റിന് എത്ര രൂപ ചെലവായെന്നും, ആരാണ് ധനസഹായം നൽകിയിതെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പ്ലാന്റ് ഇപ്പോൾ പ്രവർത്തനക്ഷമമാണോ; പ്രവർത്തനക്ഷമമല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്ലാന്റ് പ്രവർത്തനക്ഷമമല്ലാതായതിന് ഉത്തരവാദികളായവർക്കെതിരെ അന്വേഷണംനടത്തി നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>ചാലക്കുടി ടൗൺഹാൾ നിർമ്മാണം</u>

3095 ശ്രീ.ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മുൻസിപ്പൽ ടൗൺഹാൾ നിർമ്മാണത്തിനായി അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് അനുവാദം നലകിയിട്ടുളളത്;

(ബി) എത്ര ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് ആയതിനായി അംഗീകരിച്ചിട്ടുള്ളതെന്നും ആവശ്യമായ ഫണ്ട് എങ്ങനെയാണ് കണ്ടെത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ടൗണ ഹാൾ നിർമ്മാണത്തിനായി മുനിസിപ്പാലിറ്റി ഏതെല്ലാം വ്യക്തികളിൽ നിന്ന് എന്തു തുക വീതമാണ് പിരിച്ചെടുത്തിട്ടുള്ളത്; വിശദവിവരങ്ങൾ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണ മേൽനോട്ടവും കണക്കുകളുടെ പരിശോധനയും സുതാര്യമായി നടത്തുന്നതിന് എന്തു സംവിധാനമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>കായംകുളം സഹകരണ ബാങ്കിന് നൽകാനുള്ള കുടിശ്ശിക</u>

3096

ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ. എം. എസ്. സമ്പൂർണ്ണ ഭവനപദ്ധതി നടപ്പിലാക്കുന്നതിന് കായകുളം നഗരസഭ കായംകുളം സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ എ 421 ൽ നിന്ന് എന്ത് തുകയാണ് വായ്പയായി സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ;

(ബി) പ്രസ്തുത വായ്പയുടെ പലിശയിനത്തിൽ പ്രസ്തുത ബാങ്കിന് എത്ര രൂപ നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത ബാങ്കിന് പലിശയിനത്തിൽ എന്തെങ്കിലും കുടിശ്ശിക നൽകാനുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത കുടിശ്ശികത്തുക ബാങ്കിന് അടിയന്തിരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>സിറ്റി കോര്‍പ്പറേഷനുകള്‍ രൂപീകരിക്കുന്നതിന്റെ മാനദണ്ഡം</u>

3097 ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
,, റ്റി. എ. അഹമ്മദ് കബീര്‍
,, എന്‍. എ. നെല്ലിക്കുന്ന്
,, പി. കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് സിറ്റി കോര്‍പ്പറേഷനുകള്‍ രൂപീകരിക്കുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ നിലവാരമനുസരിച്ച് സംസ്ഥാനത്തെ വിവിധ കോര്‍പ്പറേഷനുകള്‍ ഏതൊക്കെ കാറ്റഗറികളിലാണ് ഉള്‍പ്പെടുന്നതെന്നും കാറ്റഗറി നിശ്ചയിക്കുന്നതിന്റെ മാനദണ്ഡങ്ങളെന്തെന്നും വിശദമാക്കുമോ;

(സി) പ്രധാന സിറ്റി കോര്‍പ്പറേഷനുകളെ വന്‍കിട കോര്‍പ്പറേഷനുകളുടെ നിലവാരത്തിലേക്കുയര്‍ത്താന്‍ നിലവിലുള്ള തടസ്സങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

കോഴിക്കോട് കോർപ്പറേഷന് നൽകാനുള്ള തുക

3098 ശ്രീ. എ. പ്രദീപ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷനിൽ നിന്ന് വിരമിച്ച റഗുലർ ജീവനക്കാർക്ക് പെൻഷൻ നൽകിയ വകയിൽ സർക്കാർ പ്രസ്തുത കോർപ്പറേഷന് എന്തു തുകയാണ് നൽകാനുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുതയിനത്തിലേക്ക് ഏറ്റവും അവസാനം തുക നൽകിയതെന്നാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കുടിശ്ശികത്തുക നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

തൊഴിൽക്കരം അടയ്ക്കുന്നതിലെ വീഴ്ച

3099 ശ്രീ.പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ദേശീയ ഗെയിംസ് ഓഫിസിലെ ജീവനക്കാരിൽ നിന്ന് തൊഴിൽക്കരം ഈടാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എന്നുമുതലുള്ള തൊഴിൽക്കരമാണ് കുടിശ്ശികയായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ മേൽ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; അറിയിക്കുമോ;

(ഡി) തൊഴിൽക്കരം നേരിട്ട് കോർപ്പറേഷനിൽ ഒടുക്കേണ്ട എത്ര ജീവനക്കാർ പ്രസ്തുത ഓഫീസിൽ ജോലി നോക്കുന്നുണ്ടെന്നറിയിക്കുമോ;

(ഇ) പ്രസ്തുത ഉദ്യോഗസ്ഥർ അവരുടെ തൊഴിൽക്കരം അടച്ചിട്ടുണ്ടെങ്കിൽ ഇതുവരെ അവർ നൽകിയ കരത്തിന്റെ കണക്ക് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത ഓഫീസിലെ ഗസറ്റഡ് തസ്തികയിലുള്ള ജീവനക്കാർ യഥാസമയം തൊഴിൽക്കരം അടച്ചില്ലെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്നറിയിക്കുമോ;

(ജി) ദേശീയ ഗെയിംസ് ഒഫീസിൽ നിന്ന് ലഭിക്കേണ്ട തൊഴിൽക്കരം ഇനത്തിൽ എത്ര തുക കോർപ്പറേഷന് നഷ്ടമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>അക്കൗണ്ടന്റ്മാരെ നിയമിച്ച നടപടി</u>

3100 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരവികസനവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളിൽ എത്ര അക്കൗണ്ടന്റ്മാരെ പുതുതായി നിയമിച്ചിട്ടുണ്ട്; ആയതിൽ എത്ര പേരാണ് ജോലിക്ക് ഹാജരായത് എന്നറിയിക്കുമോ;

(ബി) പ്രസ്തുത അക്കൗണ്ടന്റ്മാരെ നിയമിച്ച ഉത്തരവിന് ക്ലാരിഫിക്കേഷൻ ചോദിച്ചുകൊണ്ട് എൽ. എസ്. ജി. ഡി ഇ. യു.2 വിലുള്ള 67604/12 നമ്പർ ഫയലിൽ എന്തു തീരുമാനമാണെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മുൻസിപ്പാലിറ്റികളിൽ നിലവിലുള്ളതുപോലെ അക്കൗണ്ടന്റ് തസ്തിക കോർപ്പറേഷനുകളിലും നടപ്പാവാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന് സീനിയോറിറ്റി മാനദണ്ഡമാക്കുമോ;

(ഡി) പ്രസ്തുത പോസ്റ്റിന്റെ ശമ്പളസ്കെയിൽ എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ അയ്യങ്കാളി തൊഴിലുറപ്പു പദ്ധതി</u>

3101 ശ്രീ.ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാസർഗോഡ് ജില്ലയിലെ നഗരസഭകളിലോരോന്നിലും ഓരോവർഷവും അയ്യങ്കാളി തൊഴിലുറപ്പുപദ്ധതിക്കുവേണ്ടി എത്ര ഫണ്ട് അനുവദിച്ചുവെന്നും എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചുവെന്നും അറിയിക്കുമോ;

(ബി) അയ്യങ്കാളി തൊഴിലുറപ്പുപദ്ധതിയിൽ കാസർഗോഡ് ജില്ലയിലെ ഓരോ നഗരസഭയിലും എത്ര പേർ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഓരോ തൊഴിലാളിക്കും ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>ഉപഭോക്തൃ താല്പര്യം സംരക്ഷിക്കുന്നതിന് നിയമം</u>

3102 ശ്രീ. കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്
,, എം. എ വാഹീദ്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫ്ളാറ്റുകൾ, വില്ലകൾ, വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ എന്നിവ നിർമ്മിച്ചുനൽകുമെന്ന പരസ്യം നൽകി കരാർ ഉറപ്പിച്ച ശേഷം ഉണ്ടാകുന്ന വാഗ്ദാന ലംഘനങ്ങൾ തടയുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇപ്രകാരം വാഗ്ദാനലംഘനങ്ങൾ ഉണ്ടാകുമ്പോൾ പണം മുടക്കുന്നവരുടെ താൽപര്യം സംരക്ഷിക്കുന്നതിന് നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) ഫ്ളാറ്റുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാനും കരാറിലെ വ്യവസ്ഥകൾ പാലിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നിയമനിർമ്മാണത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത നിയമനിർമ്മാണപ്രക്രിയ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>നഗരങ്ങളുടെ മാസ്റ്റർപ്ലാനുകൾ</u>

3103 ശ്രീ.സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളുടെ മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതുവരെ തയ്യാറായിട്ടുള്ള മാസ്റ്റർപ്ലാനുകൾ ഏതെല്ലാം നഗരങ്ങളുടേതാണ് എന്നറിയിക്കുമോ;

(സി) ടൗൺ പ്ലാനിംഗ് വകുപ്പിൽ വേണ്ടത്ര ജീവനക്കാരില്ലാത്തത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) മാസ്റ്റർപ്ലാനുകൾ ശാസ്ത്രീയമായി വേഗത്തിൽ തയ്യാറാക്കുവാൻ ആവശ്യമായ ഉപകരണങ്ങളും സംവിധാനങ്ങളും ലഭ്യമാക്കുമോ;

(ഇ) പെരുമ്പാവൂർ നഗരത്തിന്റെ മാസ്റ്റർപ്ലാൻ തയ്യാറായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത പ്ലാൻ എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്നറിയിക്കുമോ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

<u>ബഹുനിലകെട്ടിടങ്ങളുടെ വിശദാംശങ്ങൾ</u>

3104 ശ്രീ. പി. എ. മാധവൻ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ബഹുനിലകെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അവയുടെ വിശദാംശങ്ങൾ പരസ്യപ്പെടുത്തുന്നതിന് ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്നുറപ്പുവരുത്തുവാൻ എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

ജിഡ കൗൺസിൽ അംഗീകരിച്ചിട്ടുള്ള വികസന പ്രവർത്തനങ്ങൾ

3105 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജിഡ കൗൺസിൽ അംഗീകരിച്ചിട്ടുള്ള വികസന പ്രവർത്തനങ്ങളിൽ വൈപ്പിൻ മണ്ഡലത്തിൽ പൂർത്തിയായതും നടന്നു കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ പഞ്ചായത്തുതിരിച്ച് വ്യക്തമാക്കുമോ ;

(ബി) ജിഡ കൗൺസിൽ പുതുതായി ഏതെല്ലാം പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനം</u>

3106 ശ്രീ. സണ്ണി ജോസഫ്
,, പി.എ. മാധവൻ
,, എ.റ്റി. ജോർജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത വകുപ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ന്യൂനപക്ഷ സമൂഹവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന് പ്രസ്തുത വകുപ്പിനെ എങ്ങനെ ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത വകുപ്പിന്റെ കീഴിൽ സംസ്ഥാന, ജില്ലാതല ഓഫീസുകൾ തുടങ്ങുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

## കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

<u>ന്യൂനപക്ഷക്ഷേമത്തിനായുള്ള പദ്ധതികൾ</u>

3107 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷക്ഷേമത്തിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര സർക്കാരിൽ നിന്ന് ന്യൂനപക്ഷക്ഷേമത്തിനായി എന്തൊക്കെ സഹായങ്ങൾ ഏതെല്ലാം ഇനങ്ങളിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സഹായങ്ങൾ ഏതെല്ലാം വകുപ്പുകളിലൂടെയാണ് ചെലവഴിച്ചതെന്നും ആയതിൽ ചെലവഴിക്കാതെ ബാക്കിയുണ്ടോ എന്നുമറിയിക്കുമോ;

(ഡി) ന്യൂനപക്ഷക്ഷേമ ഫണ്ടിന്റെ വിനിയോഗത്തിനായി തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോ-ഓർഡിനേറ്റർമാർ നിലവിലുണ്ടെന്നറിയിക്കുമോ;

(ഇ) പ്രസ്തുത കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.04.2013-ലെ മറുപടിക്ക്

ന്യൂനപക്ഷക്ഷേമപദ്ധതികൾ

3108

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നുമുതലാണ് പ്രസ്തുത വകുപ്പിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്നും ആയതിന്റെ ഡയറക്ടറേറ്റ് എവിടെയാണ് സ്ഥിതിചെയ്യുന്നതെന്നും ആയതിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ?

(ബി) ന്യൂനപക്ഷ ക്ഷേമത്തിനായി ഇപ്പോൾ നടപ്പാക്കി വരുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണ് ; ഓരോ പദ്ധതിയുടേയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത പദ്ധതികൾ വൈവിധ്യവൽക്കരിക്കുന്നതിനും വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

<u>ന്യൂനപക്ഷക്ഷേമം കാര്യക്ഷമമാക്കാൻ നടപടി</u>

3109 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തികവർഷം ന്യൂനപക്ഷ സ്കോളർഷിപ്പ് എത്ര വിദ്യാർത്ഥികൾക്ക് എത്ര രൂപ വീതം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ന്യൂനപക്ഷക്ഷേമ പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനായി എല്ലാ ജില്ലകളിലും പ്രത്യേക ഓഫീസുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എല്ലാ പഞ്ചായത്തുകളിലും ന്യൂനപക്ഷ കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്ന നടപടി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**03.04.2013-ലെ മറുപടിക്ക്**

<u>ന്യൂനപക്ഷക്ഷേമത്തിനായി ചെലവഴിച്ച തുക</u>

3110 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തിൽ ഇതുവരെ ന്യൂനപക്ഷക്ഷേമത്തിനായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ന്യൂനപക്ഷക്ഷേമത്തിനായി തയ്യാറാക്കിയ പദ്ധതികളിൽ എല്ലാ പദ്ധതികളും നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഏതെല്ലാം പദ്ധതികൾക്കായി എന്തു തുക വീതമാണ് വകയിരുത്തിയിരുന്നത് എന്നറിയിക്കുമോ;

(ഡി) ആയതിൽ എത്ര തുക വീതം വിനിയോഗിച്ചുവെന്നതിന്റെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 03.04.2013-ലെ മറുപടിക്ക്

എം.എസ്.ഡി.പി യിൽ പാലക്കാട് ജില്ലയെക്കൂടി ഉൾപ്പെടുത്താൻ നടപടി

3111 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമത്തിനായുള്ള കേന്ദ്രപദ്ധതികൾ സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) മൾട്ടി സെക്ടറൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി) ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കി വരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) എം.എസ്.ഡി.പി. യിൽ പാലക്കാട് ജില്ലയെക്കൂടി ഉൾപ്പെടുത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?